പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*76 — 20.03.2013-ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാത്യു റ്റി തോമസ് :<br>ശ്രീമതി ജമീലാ പ്രകാശം :<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. സി. കെ. നാണു : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി 2010-ൽ പ്രഖ്യാപിച്ച ക്ഷേമ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിലുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) പുരോഗതി വിലയിരുത്തുന്നുണ്ട്. ഇത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) എത്ര അന്യ സംസ്ഥാന തൊഴിലാളികളാണ് കേരളത്തിൽ പണിയെടുക്കുന്നത് ; | (ബി) തൊഴിലാളികളെ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ മുഖേന നടത്തിയ സർവ്വേയിൽ ഏകദേശം 25 ലക്ഷം അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത ക്ഷേമപദ്ധതിയിൽ ഇതിനകം എത്ര തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; | (സി) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ നാളിതുവരെ 32628 അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തുള്ള മുഴുവൻ അന്യ സംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കുമോ? | (ഡി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.